രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറ്.

93. MR. P. K. KRISHNAN SASTRI : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ?

രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിൽ ഫാറം മുതൽ നാളതുവരെ ഗവണ്മെൻറിൽനിന്നും നേരിട്ട് നടത്തിയിട്ടുള്ള നിയമനങ്ങളുടെ ജാതി തിരിച്ചുള്ള ഒരു ലിസ്റ്റ് സംഘടിപ്പിക്കുവാൻ ബഹുമാനപ്പെട്ട ഗവണ്മെൻറിനു ദയവുണ്ടാകുമോ?

HON'BLE MR. C. KESAVAN : ബ്രാഹ്മണൻ 2. നായർ 1. മുസ്ലിം 1. ഈഴവർ 0. വെള്ളാളർ 0. എസ്. ഐ. യു. സി. 1. മാത്തോമ്മാസിറിയൻ 1. കമ്മാളൻ 2. പുലയർ 1. മറ്റു ഹിന്ദുക്കൾ 2. മറ്റു ക്രിസ്ത്യാനികൾ 2.

നിയമങ്ങൾ.

94. MR. T. T. KESAVAN SASTRI (*Kunnathunad I—Pulaya*) ആദായം സംബന്ധിച്ചുള്ള തീരുമാനത്തിൽനിന്നും വ്യത്യാസമായി പെരുമാറുന്ന കൃഷിയുടമസ്ഥന്മാരുടെ ദയനീയനയത്തിനു പരിഹാരമുണ്ടാക്കുവാൻ ആവശ്യമായ നിയമങ്ങൾ നടപ്പിലാക്കി സഹായിക്കാൻ പുഞ്ചപ്പാടം തൊഴിലാളികളുടെ അഭ്യർത്ഥന ലഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ എടുക്കുവാൻ സാധിച്ചുവെന്നും പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. C. KESAVAN : No representation has been received from the agricultural workers of Punja cultivation for introducing legislation to enforce settlements of wage rates.

MR T. T. KESAVAN SASTRI : പുഞ്ചപ്പാടം തൊഴിലാളികളുടെ സൊസൈറ്റി എങ്കിലും ഉള്ളതായിട്ടറിയാമോ?

HON'BLE MR. C. KESAVAN : കുട്ടനാട് അഗ്രികൾച്ചറൽ വർക്കേഴ്സ് യൂണിയൻ എന്ന ഒരു സംഘത്തിൽനിന്നും ഒരു പരാതി കിട്ടിയിട്ടുണ്ട്. അതിനേക്കുറിച്ച് വേണ്ട അന്വേഷണം നടത്തിയിട്ടുണ്ട്. ഇൻഡസ്ട്രിയൽ റിലേഷൻഷ്യൽ ആഫീസറെക്കൊണ്ട് അന്വേഷണം നടത്തി അവർക്ക് ന്യായമായ കൂലി കൊടുപ്പിച്ചിട്ടും ഉണ്ട്.

Textiles.

95. MR. MOHAMMED MUSTAFA (*Pathanapuram I—Muslim*) : താഴെപ്പറയുന്ന ചോദ്യത്തിന് ബഹു: മന്ത്രി സദയം മറുപടി പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly